## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം:69** — **26/09/2016 ൽ മറുപടിയ്ക്ക്**

### മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.പി. അനിൽ കുമാർ<br>ശ്രീ.കെ. സി. ജോസഫ്<br>ശ്രീ. കെ. എസ്. ശബരീനാഥൻ<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും (സി.എം.ഡി. ആർ.എഫ്) ധനസഹായം അനുവദിക്കുന്നതിനുള്ള പരിധി ഉയർത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ; | (എ) 03/09/2016 തീയതിയിലെ സ.ഉ (കൈയ്യെഴുത്ത്) നം.492/16/റ.വ പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിനുള്ള പരിധി ഉയർത്തി ഉത്തരവായിട്ടുണ്ട്.<br>ടി ഉത്തരവ് പ്രകാരം മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധി യിൽ നിന്നും ചികിത്സാധനസഹാ യമായി ജില്ലാ കളക്ടർമാർ 10,000/- രൂപ വരെയും, റവന്യൂ വകുപ്പു മന്ത്രി 25,000/- രൂപ വരെയും, മുഖ്യമന്ത്രി 3,00,000/- രൂപ വരെയും അനുവദിക്കുന്നു. മന്ത്രിസ ഭായോഗ തീരുമാനത്തിന് വിധേയ മായി മൂന്നു ലക്ഷം രൂപയിൽ കൂടു തൽ തുകയും അനുവദിക്കാറുണ്ട്. |
| (ബി) ധനസഹായം അനുവദിക്കുന്നതിൽ നേരിടുന്ന കാലതാമസം സംബന്ധിച്ച പരാതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; കാലതാമസം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) ധനസഹായത്തിനുള്ള അപേക്ഷ കരുടെ ബാഹുല്യവും ഫണ്ടിന്റെ അപര്യാപ്തതയും മൂലം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണ ഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണഭോ ക്താവിന്റെ പേര് എടുത്ത് പറഞ്ഞു കൊണ്ട് അനുവദിക്കുന്ന തുക ഒരു |

മാസത്തിനകവും വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത ആനുകൂല്യം പാവപ്പെട്ട രോഗികൾക്ക് എത്രയും വേഗം ലഭ്യമാക്കുന്നതിന് ഓൺ ലൈൻ സംവിധാനം പ്രയോജനപ്പെടുത്തുന്നത് ഉൾ പ്പെടെയുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

| | | | |
|---|---|---|---|
| (സി) | മുൻസർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് വ്യക്തമാക്കാമോ; | (സി) | ഉണ്ട്; മുൻസർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് അർഹതയായി നിശ്ചയിച്ചിരുന്ന പരമാവധി വാർഷിക വരുമാനം ഇരുപതിനായിരം രൂപയിൽ നിന്നും ഒരു ലക്ഷം രൂപയായി ഉയർത്തിയിരുന്നു. |
| (ഡി) | ഈ സർക്കാർ നിലവിൽ വന്നശേഷം പ്രസ്തുത ഫണ്ടിൽ നിന്നും അനുവദിച്ച ധനസഹായം എത്രയെന്ന് വ്യക്തമാക്കാമോ? | (ഡി) | ഈ സർക്കാർ നിലവിൽ വന്ന ശേഷം 20/09/2016 വരെ ആകെ 68,24,65,510/- രൂപ (അറുപത്തെട്ട് കോടി ഇരുപത്തിനാല് ലക്ഷത്തി അറുപത്തയ്യായിരത്തി അഞ്ഞൂറ്റിപ്പത്ത് രൂപ മാത്രം) വിവിധ ധനസഹായ വിതരണത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**